(ബി) ജസ്റ്റിസ് ജി ശിവരാജൻ കമ്മീഷൻ മുമ്പാകെ സോളാർ തട്ടിപ്പ് കേസിൽ സർക്കാർ രണ്ട് സ്റ്റേറ്റ്മെന്റുകളാണ് നൽകിയിരിക്കുന്നത്. അതിൽ ആദ്യത്തേത് കക്ഷിചേർക്കണമെന്ന് ആവശ്യപ്പെട്ട് A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ഹർജികളിൽ (Impleading Petitions) സർക്കാർ ഭാഗം അറിയിച്ചുകൊണ്ട് ഫയൽ ചെയ്തതാണ്. രണ്ടാമത്തേത് സോളാർ അന്വേഷണ വിഷയങ്ങളിൽ (Terms of Reference) ആദ്യത്തെ അന്വേഷണ വിഷയത്തിൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ആരോപണ സ്റ്റേറ്റ്മെന്റുകൾക്ക് (Statement of Allegations)മറുപടിയായി ഫയൽ ചെയ്ത 'സ്റ്റേറ്റ്മെന്റ് ഇൻ റെസ്പോൺസ്'ആണ്. A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ 'Statement of Allegations' അപ്രകാരം തന്നെ സ്വീകരിച്ചാൽ ആയത് ശരിയായ നടപടിക്രമം അല്ലാത്തതിനാൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷന്റെ സ്വീകാര്യതയെക്കുറിച്ചാണ് സർക്കാർ മറുപടി സ്റ്റേറ്റ്മെന്റ് നൽകിയത്.

(സി) കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന വിഷയമാണിത്.

റസിഡന്റ്സ് അസോസിയേഷനുകൾ

100 (3731) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി അവയെ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആക്കുന്നതു പരിഗണിക്കുമോ ;

(ബി) റസിഡന്റ്സ് അസോസിയേഷനിലെ ഇലക്ഷൻ പ്രക്രിയ സുതാര്യമാക്കുന്നതു പരിഗണിക്കുമോ ;

(സി) റസിഡന്റ്സ് അസോസിയേഷനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതു പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇൻഫർമേഷൻ കേരള മിഷൻ എംപ്ലോയീസ് സെക്രട്ടറിയുടെ അപേക്ഷ

101 (3732) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-10-2014-ലെ ഇൻഫർമേഷൻ കേരള മിഷൻ എംപ്ലോയീസ് കോൺഗ്രസ് സെക്രട്ടറിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly